# പോലീസ് കേരളം വകുപ്പ്

**No. U5-104493/2021/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
📞04712721547
തീയതി. 10-09-2021

## സർക്കുലർ നം. 25/2021

വിഷയം: പോലീസ് ഉദ്യോഗസ്ഥർ പൊതു ജനങ്ങളോടുള്ള പെരുമാറ്റത്തിൽ പാലിക്കേണ്ട രീതിയെ കുറിച്ചുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. സർക്കുലർ നം. 36/1965 തീയതി 28.05.1965
2. സർക്കുലർ നം. 27/1995 തീയതി 23.11.1995
3. സർക്കുലർ നം. 24/1983 തീയതി 14.09.1983
4. സർക്കുലർ നം. 20/2006 തീയതി 30.11.1995
5. സർക്കുലർ നം. 06/2014 തീയതി 10.10.2006
6. എക്സിക്യൂട്ടീവ് ഡയറക്റ്റീവ് നം.17/2002 തീയതി 17.10.2002
7. എക്സിക്യൂട്ടീവ് ഡയറക്റ്റീവ് നം.03/2004 തീയതി 13.01.2004
8. എക്സിക്യൂട്ടീവ് ഡയറക്റ്റീവ് നം. 51/2018 തീയതി 30.11.2018
9. റിട്ട് ഹർജി നം.11880/2021 മേലുള്ള 03.09.2021 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം.

സംസ്ഥാന പോലീസ് മേധാവിയുടെ സൂചന എട്ട് എക്സിക്യൂട്ടീവ് ഡയറക്റ്റീവ് മുഖാന്തിരം പോലീസ് ഉദ്യോഗസ്ഥർ അവരിൽ അർപ്പിതമായ കർത്തവ്യങ്ങളിൽ ഏർപ്പെടുമ്പോൾ പൊതു ജനങ്ങളോട് സഭ്യമായ ഭാഷയിൽ മാത്രമേ സംസാരിക്കാൻ പാടുള്ളൂ എന്നും വളരെ മാന്യമായ രീതിയിൽ മാത്രമേ പെരുമാറാൻ പാടുള്ളൂ എന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരായി കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും കൂടാതെ എസ്.ഐ. റാങ്ക് മുതൽ മുകളിലോട്ടുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങളോട് പെരുമാറേണ്ട രീതികളെ സംബന്ധിച്ച് രണ്ട് ദിവസത്തെ പരിശീലനം നൽകേണ്ടതാണ് എന്നും നിർദ്ദേശം നൽകിയിരുന്നു.

മേൽ സൂചനയിൽ പരാമർശിച്ചിരിക്കുന്ന സർക്കുലർ ഉൾപ്പെടെ സംസ്ഥാന പോലീസ് മേധാവി സൂചന 1 മുതൽ 7 വരെയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച് നിരവധി തവണ കർശന നിർദേശങ്ങൾ നൽകിയിട്ടും പോലീസ് ഉദ്യോഗസ്ഥർ പോലീസ് സ്റ്റേഷനിലും പൊതുസ്ഥലങ്ങളിലും പൊതുജനങ്ങളോട് മോശമായ രീതിയിൽ സംസാരിക്കുകയും അപമര്യാദയായി പെരുമാറുകയും ചെയ്യുന്ന സംഭവങ്ങൾ പത്ര - ദൃശ്യ മാധ്യമങ്ങളിലും സാമൂഹ്യ മാധ്യമങ്ങളിലും ആവർത്തിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കൂടാതെ ഇത് സംബന്ധിച്ചുള്ള നിരവധി പരാതികൾ പൊതുജനങ്ങളിൽ നിന്നും ദിനംപ്രതി ലഭിച്ചു കൊണ്ടിരിക്കുന്നു. ഇത്തരം സംഭവങ്ങൾ കോടതി വ്യവഹാരങ്ങളിലേക്കുവരെ സംസ്ഥാന പോലീസ് മേധാവിയെ കൊണ്ടെത്തിക്കുന്ന തരത്തിൽ കാര്യങ്ങൾ എത്തിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട കോടതിയുടെ നിശിതമായ വിമർശനങ്ങൾ ക്ഷണിച്ചു വരുത്തി പൊതുജന മധ്യത്തിൽ പോലീസ് സേനയുടെ അന്തസിന് കളങ്കവും അപകീർത്തിയും ഉണ്ടാക്കുന്ന പ്രവർത്തിയിൽ ചില പോലീസ് ഉദ്യോഗസ്ഥർ ഇപ്പോഴും ഏർപ്പെടുന്നത് വളരെ ഗൗരവത്തോടെ കാണുന്നു.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ സമർപ്പിക്കപ്പെട്ട റിട്ട് ഹർജി നം.11880/2021 ലെ

വിധിന്യായത്തിൽ പോലീസ് ഉദ്യോഗസ്ഥർ പൊതു ജനങ്ങളോട് അപമര്യാദയായി പെരുമാറുന്നതിനെതിരെ സംസ്ഥാന പോലീസിനെ വളരെ നിശിതമായി വിമർശിച്ചിട്ടുള്ളതും പരിഷ്കൃതമായ ഒരു ജനസമൂഹത്തിന് ഒട്ടും യോജിക്കാത്ത അപരിഷ്കൃതമായ രീതിയിൽ പൊതുജനങ്ങളോട് പെരുമാറുന്നത് തടയണമെന്നും പോലീസ് ഉദ്യോഗസ്ഥർ പൊതു ജനങ്ങളെ 'എടാ', 'എടി', 'നീ' എന്നീ തരത്തിലുള്ള പദങ്ങൾ പ്രയോഗിച്ച് അഭിസംബോധന ചെയ്ത് അപമാനമുണ്ടാക്കുന്ന പ്രവണത ഉടനടി നിർത്തലാക്കണമെന്നും പ്രസ്തുത വിധിന്യായത്തിൽ സംസ്ഥാന പോലീസ് മേധാവിയോട് നിർദേശിച്ചിരിക്കുന്നു.

പോലീസ് ഉദ്യോഗസ്ഥർ അവരുടെ കർത്തവ്യങ്ങൾ കൈകാര്യം ചെയ്തുവരുന്ന വേളയിൽ പൊതുജനങ്ങളുമായി ഇടപഴകേണ്ടിവരുമ്പോൾ അവരോട് വളരെ മാന്യമായും വിനയത്തോടും പെരുമാറുന്നതിനും സഭ്യമായ വാക്കുകൾ മാത്രം ഉപയോഗിച്ച് സംസാരിക്കുന്നതിനും 'എടാ', 'എടീ', 'നീ' എന്നീ വാക്കുകൾ പ്രയോഗിച്ച് പൊതുജനങ്ങളെ അഭിസംബോധന ചെയ്യുന്ന രീതിയും ഒരു കാരണവശാലും തുടരാൻ പാടില്ലാത്തതാണെന്ന് ഇതിനാൽ കർശനമായി നിർദേശിക്കുന്നു. എല്ലാ യൂണിറ്റ് മേധാവികളും പൊതുജനങ്ങളുമായി നിരന്തരം ഇടപെടുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥരെയും സൂചന എട്ടിലെ എക്സിക്യൂട്ടീവ് ഡയറക്ടീവിൽ നിർദേശിച്ചിട്ടുള്ള വിഷയത്തിൽ രണ്ട് ദിവസത്തെ പരിശീലനത്തിന് വിധേയമാക്കേണ്ടതാണ്. പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് പെരുമാറുന്ന രീതികൾ ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിലെ ഉദ്യോഗസ്ഥർ സസൂക്ഷ്മം നിരീക്ഷിക്കേണ്ടതും ഇപ്രകാരം അനുചിതമായ ഏതെങ്കിലും സംഭവങ്ങൾ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടാൽ ആയത് ബന്ധപ്പെട്ട യൂണിറ്റ് മേധാവിയെ ഉടൻ തന്നെ അറിയിക്കേണ്ടതും യൂണിറ്റ് മേധാവി ഉടനടി ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് അപമര്യാദയായി പെരുമാറുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുകയോ പത്ര-ദൃശ്യ മാധ്യമങ്ങൾ, സമൂഹ്യമാധ്യമങ്ങൾ എന്നിവ വഴി ഇതുമായി ബന്ധപ്പെട്ട് എതെങ്കിലും സംഭവങ്ങൾ യൂണിറ്റ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ ആയത് ബന്ധപ്പെട്ട യൂണിറ്റ് മേധാവി ഉടൻ തന്നെ വിശദമായി അന്വേഷിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ കർശനമായി നിർദേശിക്കുന്നു. ബഹുമാനപ്പെട്ട കോടതികളുടെ നിശിതമായ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തി പൊതു ജനമധ്യത്തിൽ പോലീസ് സേനയുടെ സൽപേരിന് അവമതിപ്പും അപകീർത്തിയും ഉണ്ടാക്കുന്ന സാഹചര്യങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ ഓരോ യൂണിറ്റ് മേധാവിയും പ്രത്യേകം ശ്രദ്ധ ചെലുത്തി ഉറപ്പ് വരുത്തേണ്ടതാണ്.

**"മൃദു ഭാവേ ദൃഢ: കൃത്യേ" - പെരുമാറ്റത്തിൽ മര്യാദയും പ്രവൃത്തിയിൽ കരുത്തും** - എന്ന പോലീസിൻറെ ആപ്തവാക്യം ഈ സന്ദർഭത്തിൽ ഓരോ സേനാംഗത്തെയും ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

അനിൽ കാന്ത് ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ യൂണിറ്റ് മേധാവികൾക്കും/ബി -ലിസ്റ്റിൽ വരുന്ന എല്ലാ ഓഫീസർമാർക്കും

പകർപ്പ് : PHQ ലെ എല്ലാ ഓഫീസർമാർക്കും/പോലീസ് വെബ്സൈറ്റ്/സർക്കുലർ ഫയൽ